**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 237** **14-02-2024 - ൽ മറുപടിയ്ക്ക്**

**വിദ്യാവാഹിനി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അൻവർ സാദത്ത്, ശ്രീ. പി. സി. വിഷ്ണുനാഥ്, ശ്രീ. സി. ആർ. മഹേഷ്, ശ്രീമതി ഉമ തോമസ്** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കികൊണ്ടിരുന്ന വിദ്യാവാഹിനി പദ്ധതി പട്ടികവർഗ്ഗ വികസന വകുപ്പ് ഏറ്റെടുക്കാനുണ്ടായ കാരണം വിശദമാക്കാമോ? | (എ) | ദുർഘടപ്രദേശത്ത് താമസിക്കുന്നതും യാത്രാസൗകര്യക്കുറവ് നേരിടുന്നതുമായ പട്ടിക വർഗ്ഗ വിദ്യാർത്ഥികളെ സ്വന്തം ഊരുകളിൽ നിന്ന് സ്കൂളിൽ കൊണ്ടുപോകുന്നതിനും തിരികെ വീട്ടിലെത്തിക്കുന്നതിനുമായി 2013-14 മുതൽ പട്ടികവർഗ്ഗ വികസന വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിയിരുന്ന പദ്ധതിയാണ് "ഗോത്രസാരഥി". 2020-21 വർഷം മുതൽ ഗോത്രസാരഥി പദ്ധതിക്കാവശ്യമായ പ്രോജക്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ TSP ഫണ്ടും കൂടി ഉപയോഗിച്ച് തയ്യാറാക്കുന്നതിന് 1.4.2020 ലെ സ.ഉ(സാധാ) നം. 725/2020/ത.സ്വ.ഭ.വ പ്രകാരം അനുമതി നൽകിയിരുന്നു. എന്നാൽ 2022-23 വർഷം ഭീമമായ തുകയാണ് (പ്രതിമാസം ഏകദേശം 2.86കോടി രൂപ ) ഗോത്രസാരഥി പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായിരുന്നത്. പഞ്ചായത്തുകളുടെ TSP വിഹിതം പൂർണ്ണമായോ/ഭൂരിഭാഗമോ ഈ പദ്ധതിയ്ക്കായി നീക്കിവെയ്ക്കാൻ പഞ്ചായത്തുകൾക്ക് സാധിക്കാതെ വരുകയും, ഫണ്ടിന്റെ അപര്യാപ്തതയും പദ്ധതി നടപ്പിലാക്കുന്നതിലെ ആശയകുഴപ്പവും മൂലം പല പഞ്ചായത്തുകൾക്കും പദ്ധതി ഏറ്റെടുക്കാനോ തുക വകയിരുത്താനോ സാധിക്കാതെ വന്നു. ഈ സാഹചര്യത്തിൽ ഗോത്രസാരഥി പദ്ധതി നടത്തിപ്പ് സംബന്ധിച്ച് നിരവധി പരാതികൾ 2022-23 അദ്ധ്യയനവർഷാരംഭത്തിൽ തന്നെ ലഭിക്കുകയുണ്ടായി. പദ്ധതി മുടക്കം വരുത്താതെ നടപ്പിലാക്കുന്നതിനും, പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പഠനം മുടങ്ങാതിരിക്കുന്നതിനുമായി വിവിധ പ്രോജക്ട് ഓഫീസർ/ ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാർക്ക് 2022 ജൂൺ, ജൂലൈ മാസങ്ങളിൽ പദ്ധതി നടത്തിപ്പിനുള്ള തുക വകുപ്പിൽ നിന്നും |

| | | | |
|---|---|---|---|
| | | | അനുവദിച്ചിരുന്നു. പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാർ ആവശ്യപ്പെട്ടതനുസരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി നടത്തിപ്പിന് വകയിരുത്തിയ തുകയ്ക്ക് പുറമേ പട്ടിക വർഗ്ഗ വികസന വകുപ്പിൽ നിന്നും 11.6414 കോടി രൂപ കൂടി അധികമായി അനുവദിച്ചിരുന്നു.<br><br>പദ്ധതി നടത്തിപ്പിലെ പോരായ്മകൾ പരിഹരിച്ച്, പട്ടികവർഗ വിദ്യാർത്ഥികൾക്ക് സ്കൂളിൽ പോയി വരാൻ വാഹനസൗകര്യം ലഭ്യമാക്കുന്നതിന് മുൻ വർഷങ്ങളിൽ പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കിയ ഗോത്രസാരഥി പദ്ധതിയുടെ മാർഗനിർദ്ദേശങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തി " വിദ്യാവാഹിനി" എന്ന് പുനർനാമകരണം ചെയ്ത് **2023-24** അദ്ധ്യയനവർഷം മുതൽ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്നതിന് **30.03.2023** സ.ഉ(സാധാ)നം. **415/2023/SCSTDD** പ്രകാരം ഉത്തരവായിരുന്നു .<br><br>പട്ടികവർഗ വിദ്യാർത്ഥികളുടെ പഠന പിന്നോക്കാവസ്ഥയും, കൊഴിഞ്ഞുപോക്കും തടയുന്നതിനും പഞ്ചായത്ത് ഏറ്റെടുത്തപ്പോൾ ഉണ്ടായ ആശയക്കുഴപ്പങ്ങൾ പരിഹരിക്കുന്നതിനും മുഴുവൻ വിദ്യാർത്ഥികളെയും സ്കൂളിൽ എത്തിയ്ക്കുന്നതിനും പദ്ധതി പട്ടികവർഗ്ഗ വികസന വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കുന്നത് ഗുണകരമാകും എന്നതിനാലാണ് ഗോത്രസാരഥി പദ്ധതിയുടെ മാർഗനിർദ്ദേശങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തി വിദ്യാവാഹിനി എന്ന് പുനർനാമകരണം ചെയ്ത് പട്ടിക വർഗ്ഗ വികസന വകുപ്പ് തന്നെ ഏറ്റെടുത്ത് നടപ്പിലാക്കാൻ തീരുമാനിച്ചത്. പട്ടികവർഗക്കാരായ ഡ്രൈവർമാർ/ വാഹന ഉടമകൾ എന്നിവർക്ക് കൂടി പ്രയോജനം ലഭിക്കുന്നതരത്തിലാണ് പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത് . |

സെക്ഷൻ ഓഫീസർ